കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കെ.എസ്.എ.കെ.കെ.ഡി/പി.5/2031/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

ഇ-മെയിൽ -dokkd.ksad@gov.in

വെബ് -www.lfa.kerala.gov.in

ഫോൺ - 0495 2371012

തീയതി.02.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി/പി5/2031/2017 തിയ്യതി: 02.04.2017

## കോഴിക്കോട് ജില്ലയിലെ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30.11.2016മുതൽ 13-10-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം

പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വിനോദ് ശ്രീധർ, ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.10.2017 മുതൽ 23.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ പി.കെ.ഉണ്ണി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ മനോഹരൻ,എ.വി സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ,രാജിമ.കെ.സി സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ അഫ്സൽ.ടി.എം, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പ്രസിഡണ്ട് | |
|---|---|
| പേര് | കാലയളവ് |
| ശ്രീ കെ.കെ മോഹനൻ | 1.04.2016 മുതൽ 31.03.2017വരെ |

| സെക്രട്ടറി | |
|---|---|
| പേര് | കാലയളവ് |
| ശ്രീ ടി.ദീപു രാജു | 01.04.2016മുതൽ 16.07.2016 വരെ |
| ശ്രീ ഹരിദാസൻ. വി.പി (ഇൻചാർജ്) | 17.07.2016മുതൽ 20.12.2016 വരെ |
| ശ്രീ. രാജീവൻ.ടി | 21.12.2017മുതൽ 31.3.2017 വരെ |

(സി)നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ വി.പി ഹരിദാസൻ | 1.04.2016മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.വി.പി.സനിഷ | 01.04.2016മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ അസ്ലം അലി മുഹമ്മദ് | 01.04.2016 മുതൽ 14.06.2016 വരെ |
| | ഒഴിവ് | 15.06.2016 മുതൽ 30.06.2016 വരെ |
| | ശ്രീ ദിലീപ് | 01.07.2016മുതൽ 21.11.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ കിരൺ | 21-11-16 മുതൽ 22-01-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ മൃദുൽ | 23-01-17 മുതൽ 24-02-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ കിരൺ | 25-02-17 മുതൽ 31-3-17 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി ഷൈനി.കെ.നമ്പീശൻ | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ശീതൾ കൃഷ്ണൻ | 01.04.2016മുതൽ 29.06.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ അബ്ദുൽവാരി | 30-6-16മുതൽ 9.07.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ ശീതൾ കൃഷ്ണൻ | 10.07.2016മുതൽ 12.10.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ സുനിത എസ് | 13.10.2016മുതൽ 8.11.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ ബിജുനേഷ്.എസ് എൻ | 09.11.2016മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ശ്രീമതി പി.രാധാമണി | 01.04.2016മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ എ.സുഗതൻ | 01.04.2016മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഒ.കെ ശോഭ | 01.04.2016മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 – പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം 2 – വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 2-1 |
| 12 | വസ്തു നികുതി പരിഷ്കരണം-അവലോകനം | 2-2 |
| 13 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല. | 2-3 |
| 14 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു. | 2-4 |
| 15 | ഡി. & ഒ. ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ. | 2-5 |
| 16 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-6 |
| 17 | സേവന ഉപനികുതി ചുമത്തുന്നില്ല | 2-7 |
| ഭാഗം 3 – ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | ഐ എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - | 3-1 |
| 19 | ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ യാത്രച്ചിലവ് രേഖകൾ ഹാജരാക്കിയില്ല | 3-2 |
| 20 | വീട്പുനരുദ്ധാരണം പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങശ് സംബന്ധിച്ച് | 3-3 |
| 21 | വികലാംഗർക്ക് പെട്ടിക്കട പ്രൊജക്ട് നടത്തിപ്പിൽ അവശ്യ രേഖകൾ ഹാജരാക്കിയില്ല- | 3-4 |
| 22 | വീട് വയറിംഗ് പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങൾ സംബന്ധിച്ച് | 3-5 |
| 23 | പെയിൻ & പാലിയേറ്റീവ് പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങൾ സംബന്ധിച്ച് | 3-6 |
| 24 | പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങശ് സംബന്ധിച്ച് | 3-7 |
| 25 | ഫണ്ട് വിനിയോഗം -നിർവഹണത്തിലെ വീഴ്ച -പദ്ധതിപ്പണം നഷ്ടപ്പെടുന്നു. | 3-8 |
| 26 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അപാകതകൾ | 3-9 |

| | | |
|---|---|---|
| 27 | മരുന്ന് വാങ്ങൽ ആയുർവേദാശുപത്രി-സമയപരിധിപാലിക്കുന്നില്ല. | 3-10 |
| 28 | മരാമത്ത് വർക്ക് -സമയബന്ധിതമായി പൂർത്തിയാക്കുകയോ, പദ്ധതി അംഗീകാരം ലഭിച്ചവ യിൽ ഭൂരിഭാഗവും പ്രവർത്തി എറ്റെടുത്ത് നടപ്പിലാക്കുകയോ ചെയ്യുന്നില്ല. | 3-11 |
| 29 | ഹോമിയോ ആശ്പത്രിയ്ക്ക് മരുന്ന് വാങ്ങൽ--സമയപരിധിക്കുള്ളിൽ ലംഭ്യമാക്കിയിട്ടില്ല. | 3-12 |
| 30 | വിട് റിപ്പയർ --പദ്ധതിനടത്തിപ്പിൽ അപാകതകൾ | 3-13 |
| 31 | മുട്ടക്കോഴി വിതരണം-പദ്ധതിനടത്തിപ്പിൽ അപാകതകൾ | 3-14 |
| 32 | തെരുവുവിളക്ക് റിപ്പയർ---പദ്ധതിനടത്തിപ്പിൽ അപാകതകൾ | 3-15 |
| 33 | ജൈവ പച്ചക്കറി -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-16 |
| 34 | ടെൻഡർ കുറവ് ഫൈനൽ ബില്ലിൽ നിന്ന് കുറക്കാതെ കരാറുകാരന് തുക നൽകി. | 3-17 |
| 35 | കുടിവെള്ളവിതരണം- രേഖകൾ ഹാജരാക്കിയിട്ടില്ല | 3-18 |
| 36 | കേരളാ ജല അതോറിറ്റിക്ക് വെള്ളക്കരം ഒടുക്ക്-പൊതുടാപ്പുകളുടെ എണ്ണം,പ്രവർത്തനക്ഷമതഎന്നിവയുടെ പരിശോധനയില്ല. | 3-19 |
| 36 എ | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | |
| | ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

| അനുബന്ധം | | |
|---|---|---|
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 29.03.2017ലെ 222/16-17 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 21.07.2017 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 20.10.2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 97,62,796 |
| വരവ് | 88506818 |
| ആകെ | 98269614 |
| ചെലവ് | 83572478 |
| നീക്കിയിരിപ്പ് | 14697136 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ.പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ബജറ്റ് പ്രകാരം) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 12611360 | 12611360 | 11295709 | 1315651 | 89.6 |
| വികസനഫണ്ട് എസ്.സി.പി. | - | 1458249 | 1458249 | 1391681 | 66568 | 95 |
| വികസനഫണ്ട് ടി.എസ്.പി. | - | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 4718586 | 4718586 | 2311508 | 2407078 | 48.9 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 3478650 | 3478650 | 746983 | 2731667 | 74 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 7072272 | 7072272 | 5227617 | 1844655 | 73.9 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 207 | 121 | 77 | 9 | 58.45 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 86.96.ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 28,53,814 | 6651678 | +3797864 | +133.1 |
| നികുതിയേതര വരവുകൾ | 13,46,144 | 1149508 | --196636 | -14.6 |
| മറ്റുവരവുകൾ | 90,553 | 220525 | 129972 | +143.5 |
| ആകെ | 42,90,511 | 8021711 | 3731200 | +86.96 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 284520 | 161 |
| കർഷകതൊഴിലാളി പെൻഷൻ | 4554540 | 493 |
| വിധവാപെൻഷൻ | 15496400 | 1444 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 19153925 | 2162 |
| വികലാംഗപെൻഷൻ | 3928585 | 401 |
| അവിവാഹിത പെൻഷൻ | 860900 | 75 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 3,00000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2017ന് രാവിലെ 10 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. തലേ ദിവസത്തെ വരവ് വൈകിട്ട് തന്നെ ബാങ്കിൽ , അടവാക്കിയിട്ടുണ്ട്. ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ /തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | | 12/16 | എ 10 2983/17 തിയതി 14/03/17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.07.2004 മുതൽ 17.07.2004 വരെ | 1997-98 മുതൽ 2003-04 വരെ | സ്പെ.സെൽ(എച്ച്.ക്യ) IV 8എ-658/386 തീയതി 31.08.2004 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 2016-17 വർഷത്തെ വാർഷീകകണക്കുകളുടെ അപാകങ്ങൾ

2016-17 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു

1 സാംഖ്യ ആരംഭിക്കുന്നതിന് മുമ്പുള്ള മുഴവൻ ആസ്തികളുടേയും വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2 വസ്തുനികുതി കുടശ്ശിക, തൻവർഷ ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരമുള്ള കുടശ്ശിക, ഡിമാന്റ് തുകകൾ അക്കൗണ്ടുമായി പെരുത്തപ്പെടുന്നില്ല

3 ലഭ്യത സംശയാസ്പദമായ വസ്തുനികുതിക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല
4 മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

5 നിർവ്വഹണോദ്യോഗസ്ഥർ മുഖേനയുള്ള പ്രോജകുകളിൽ നിനിന്നും ഈടാക്കുന്ന വാറ്റ്, ആദായനികുതി നിർമ്മാണതൊഴിലാളി, ക്ഷേമനിധി എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല

6 കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങലിലെ 60-ാം ചട്ട പ്രകാരം ഓരോ മാസവും 10ാം തീയതിക്കകം കഴിഞ്ഞ മാസത്തെ വരവ് ചെലവ് പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാന്റിം ഗ് കമ്മിറ്റിക്ക സമർപ്പിക്കുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്യേണ്ടതാണ് .എന്നാൽ ഗ്രാമപഞ്ചായത്തിൽ 2016-17സമ്പത്തീക വർഷം എല്ലാ മാസങ്ങളിലും നിശ്ചിത തീയതിക്കുശേഷമാണ് കണക്കുകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങിയത്.

7 2016-17 വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല. അതുപോലെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്ല്യം, തൻവർഷം നടത്തിയ സ്റ്റോർ പർച്ചേസിന്റെ മൂല്ല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ

മൂല്ല്യം എന്നിവ തയ്യാറാക്കിയിട്ടില്ല.

8 അഡ്വാൻസ് രജിസ്റ്റർ, ഡിപ്പോസിററ് രജിസ്റ്റർ എന്നിവയിൽ ഇനം തിരിച്ച് വർഷാവസാന സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

9 RP 36 പ്രകാരം ഐ സിഡി എസ് കേന്ദ്രാവിഷ്കൃത ഫണ്ട് വരവ് 1073744 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഈ ഹെഡ്ഡിൽ വരവ് 1016149 ആണ്

10 B-17, ഷെഡ്യൂളിൽ ഗ്രാന്റിന് ഉടങ്ങിയ ബാങ്ക് അക്കൗണ്ടിൽ ശുചിത്വ മിഷൻ, ജലനിധി എന്നിവയുടെ യുടെ ബാങ്ക് അക്കൌണ്ട് തുക B-4 ഷെഡ്യൂളിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. ഉദാ -ബി -17 ഷെഡ്യൂൾ പ്രകാരം ശുചിത്വമിഷൻ ഫണ്ടിന്റെ ബാങ്ക് അക്കൌണ്ട് തുക 364184 രൂപയും ബി -4 ഷെഡ്യൂളിൽ 370499 രൂപയും ആണ്. -ബി -17 ഷെഡ്യൂൾ പ്രകാരം ജലനിധി ഫണ്ടിന്റെ ബാങ്ക് അക്കൌണ്ട് തുക 2655940 രൂപയും ബി -4 ഷെഡ്യൂളിൽ 155940 രൂപയും ആണ്

അപാകങ്ങൾ സംബന്ധിച്ച വിശദീകരണം നൽകേണ്ടതാണ്

## 2-2 വസ്തു നികുതി പരിഷ്കരണം-അവലോകനം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ 01.04.2011 ന് പ്രാബല്യത്തിൽ വരുത്തുന്നതി/ന് പഞ്ചായത്ത് തീരുമാനമെടുക്കുകയും ആയത് സംബന്ധിച്ച് പ്രാഥമിക അറിയിപ്പ് 16-09-11 തിയ്യതിയിൽ പഞ്ചായത്ത് നോട്ടീസ് ബോർഡിലും ദിനപത്രത്തിലും പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുകയും ചെയ്തു. തുടർന്ന് മേൽ ചട്ടം 4, 7, 8 അനുസരിച്ച് അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി 20.12.2011 ലെ യോഗത്തിൽ തീരുമാനമെടുത്തു. (നം.147/2011). നികുതി നിർണ്ണയത്തിന് വേണ്ടി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളെ പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്ന് തരം തിരിച്ച് വിജ്ഞാപനം ചെയ്യുകയും ചെയ്തിരുന്നു. ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ ചേർക്കും പ്രകാരം പുനർ നിർണ്ണയിക്കുകയും ചെയ്തു.

| ക്രമ നം | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | നികുതി നിരക്ക് ച. മീ |
|---|---|---|
| 1 | പാർപ്പിട ആവശ്യത്തിനുള്ളവ | 4 രൂപ |
| 2 | വാണിജ്യാവശ്യത്തിനുള്ളവ<br>1-100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 50 രൂപ |
| | 2-100ച.മീറ്ററനുകളിൽതറവിസ്തീർണ്ണമുള്ള ഹോട്ടൽ.ഷോപ്പുകൾ | 60 രൂപ |
| | 3-200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 50രൂപ |
| | 4-200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഹോട്ടൽ | 80 രൂപ |
| | 5-ബങ്കുകൾ,പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റഷനുകൾ | 50 രൂപ |
| 3 | ആഫീസ് ആവശ്യത്തിനുള്ളവ | 40 രൂപ |

| | | |
|---|---|---|
| | (വ്യവസായ ശാലകളോടനുബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | |
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 7രൂപ |
| 5 | ആശുപത്രികൾ | 4രൂപ |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം, ആഡിറ്റോറിയം, സിനിമാ തിയേറ്റർ, ലോഡ്ജ് | 30 രൂപ |
| 7 | വ്യവസായ ആവശ്യത്തിനുള്ളവ [1-കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ഇഷ്ടിക ചൂള, പീലിംഗ് ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്] | 10 രൂപ |
| | 2-ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 രൂപ |
| 8 | റിസോർട്ടുകൾ | 90 രൂപ |
| 9 | അമ്യൂസ്മെന്റ് പാർക്ക് | 40 രൂപ |
| 10 | മൊബൈൽ ടെലിഫോൺ ടവർ | 500 രൂപ |

നികുതിദായകർക്ക് തറ വിസ്തീർണം അടിസ്ഥാനമാക്കിയാണ് നികുതി ഈടാക്കുന്നത്. പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി ചെയത് പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയ ഭാഗങ്ങളിൽ പുതുക്കിയ നിരക്കിലും പഴയ ഭാഗത്തിന് നിലവിലുള്ള കെട്ടിടമായും കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

100 ച.മീ യിൽ കൂടുതൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് പകരം, ഇത്തരം കെട്ടിടങ്ങൾക്ക് ഒന്നിലധികം നമ്പരുകൾ നല്കി വേറെ വേറെ കെട്ടിടങ്ങളായി പരിഗണിച്ച് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി പിരിച്ചത്. ഇത് മൂലം വരവ് നഷ്ടം സംഭവിച്ചിട്ടുണ്ട്

സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതിയുടെ Demand, Balance എന്നിവ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും 2013-14 മുതലുള്ള വസ്തുനികുതി ഈടാക്കിയിട്ടില്ല. ഇത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ വിവരങ്ങൾ,ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് രജിസ്റ്റർ എന്നിവ സഞ്ചയയിൽ നിന്നും ലഭ്യമായതിനാൽ പ്രത്യേകം സൂക്ഷിക്കുന്നില്ല

പഞ്ചായത്തിൽ പൊതു ടാപ്പുകളും തെരുവു വിളക്കുകളും അടക്കമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടെങ്കിലും സേവന ഉപ നികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഡിമാൻഡ് ചെയ്ത തുകയുടെ(സഞ്ചയ പ്രകാരം) 78.57% മാത്രമാണ് പിരിച്ചെടുക്കാൻ സാധിച്ചത്. മുൻ വർഷങ്ങളിലെ കുടിശ്ശികയായ വസ്തു നികുതിയുടെ 85 %മാണ് ഈടാക്കാൻ സാധിച്ചിട്ടുള്ളത്. കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം, തറ വിസ്തീർണ്ണം, മേൽക്കൂരയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, തറ നിർമ്മിതിയുടെ തരം, ഉപയോഗം, സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് ഇളവുകളും

അതിനനുസരിച്ചുള്ള വർദ്ധനവും ഉറപ്പ് വരുത്തിയിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയറിൽ ഡിജിറ്റൽ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 12549 കെടിടങ്ങളാണ് നിലവിലുള്ളത്. ഇതിൽ 9396വീടുകളും 2888 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും, 18 വ്യവസായങ്ങൾക്കുള്ള കെടിടങ്ങളും 22 വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളും 4മൊബൈൽ ടവറുകളും 9 ഓഡിറ്റോറിയങ്ങളും,നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 209 കെട്ടിടങ്ങളും ഉൾപ്പെടുന്നു. പഞ്ചായത്തിലെ കെട്ടിട നികുതി അടവാക്കുന്നതിന് online സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## 2-3 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.

1) മാനേജർ ഇൻ്ടസ് ടവർ കൊച്ചി( ഡോർ നം 03/580)

| ക്രമ നം | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|
| 2 | 2013 | രണ്ടാം അർദ്ധവർഷം | 4320 | 216 | 4536 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 4500 | 225 | 4725 |
| 6 | 2015 | രണ്ടാം അർദ്ധവർഷം | 4500 | 225 | 4725 |
| 7 | 2016 | ഒന്നാം അർദ്ധവർഷം | 4500 | 225 | 4725 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 4500 | 225 | 4725 |
| ആകെ | | | 22320 | 1116 | 23436 |

2) മഠത്തിൽ കുഞ്ഞായിശ,കെ.കെ. ഖാദർ ( ഡോർ നം 3/1036)

| ക്രമ നം | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 4500 | 225 | 4725 |
| 2 | 2013 | രണ്ടാം | 4500 | 225 | 4725 |

| | | | | | |
|---|---|---|---|---|---|
| | | അർദ്ധവർഷം | | | |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 4500 | 225 | 4725 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 4500 | 225 | 4725 |
| | 2015 | ഒന്നാം അർദ്ധവർഷം | 4500 | 225 | 4725 |
| | 2015 | രണ്ടാം അർദ്ധവർഷം | 4500 | 225 | 4725 |
| | 2016 | ഒന്നാം അർദ്ധവർഷം | 4500 | 225 | 4725 |
| | 2016 | രണ്ടാം അർദ്ധവർഷം | 4500 | 225 | 4725 |
| ആകെ | | | 36000 | 1800 | 37800 |

3) എം.എൻ മധു, മാനേജർ റിലയൻസ് ഇൻഫോകോം ( ഡോർ നം 4/307)

| ക്രമ നം | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 2835 | 142 | 2977 |
| 2 | 2013 | രണ്ടാം അർദ്ധവർഷം | 2835 | 142 | 2977 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 2835 | 142 | 2977 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 2835 | 142 | 2977 |
| | 2015 | ഒന്നാം അർദ്ധവർഷം | 2835 | 142 | 2977 |
| | 2015 | രണ്ടാം | 2835 | 142 | 2977 |

| | | | | | |
|---|---|---|---|---|---|
| | | അർദ്ധവർഷം | | | |
| 1 | 2016 | ഒന്നാം അർദ്ധവർഷം | 2835 | 142 | 2977 |
| 2 | 2016 | രണ്ടാം അർദ്ധവർഷം | 2835 | 142 | 2977 |
| ആകെ | | | 22680 | 1136 | 23816 |

4) എം.ഉണ്ണികൃഷ്ണൻ, മാനേജർ റിലയൻസ് ഇൻഫോകോം( ഡോർ നം 12/238)

| ക്രമ നം | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|
| | 2015 | ഒന്നാം അർദ്ധവർഷം | 900 | 45 | 945 |
| | 2015 | രണ്ടാം അർദ്ധവർഷം | 900 | 45 | 945 |
| 1 | 2016 | ഒന്നാം അർദ്ധവർഷം | 900 | 45 | 945 |
| 2 | 2016 | രണ്ടാം അർദ്ധവർഷം | 900 | 45 | 945 |
| ആകെ | | | 3600 | 180 | 3780 |

മൊബൈൽ ടവറുകളിൽ നിന്നും കെട്ടിട നികുതി പിഴ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ചട്ടം 4 (1) ൽ

പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ, ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിച്ചത് മൂലം താഴെ പറയുന്ന 100 ച.മീ യിൽ കൂടുതലുള്ള കെട്ടിടത്തിൽ നിന്ന 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി പിരിച്ചത്.

| കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിട ത്തിന്റെ ആകെ തറ വിസ്തീർണം | കെട്ടിടത്തിന നൽകിയ നമ്പറുകൾ | തറ വിസ്തീർണം (ച.മി) | ബാധക മാക്കിയ നിരക്ക്) | ബാധക മാക്കിയ നികുതി (ഇളവുകളും വർദ്ധനവും അടക്കം)+ ലൈ.സെസ്സ്1 | ബാധക മാക്കേണ്ട നിരക്ക്) | ബാധക മാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം)+ ലൈ.സെസ്സ് | നഷ്ടം |
|---|---|---|---|---|---|---|---|---|
| സുലൈഖ, പുതിയേടത്ത് താഴെ കുനിയിൽ | 259.2 | 347 I | 48.99 | 50 | 2561+129=2690 | 60 | 3073+154=3227 | 537 |
| | | 347J | 35.87 | | 1875+94=1969 | | 2246+113=2359 | 390 |
| | | 347K | 35.87 | | 1875+94=1969 | | 2246+113=2359 | 390 |
| | | 347L | 35.87 | | 1875+94=1969 | | 2246+113=2359 | 390 |
| | | 347M | 35.87 | | 1875+94=1969 | | 2246+113=2359 | 390 |
| | | 347N | 35.87 | | 1875+94=1969 | | 2246+113=2359 | 390 |
| | | 347 O | 30.86 | | 1614+81=1695 | | 1937+97=2034 | 339 |
| ആകെ | | | 259.20 | | 14230 | | 17056 | 2826 |

കെട്ടിടത്തിന്റെ നികുതി പുനർ നിർണയിച്ച് പുതിയ നിരക്കിൽ കെട്ടിട നികുതി ഈടാക്കി ഓഡിറ്റിനെ അറിയ്ക്കേണ്ടതാണ് കൂടാതെ ഇത്തരത്തിലുള്ള കെട്ടിടങ്ങൾ വിഭജിക്കപ്പെടുന്നത് മൂലം വിസ്തീർണ്ണത്തിൽ കുറവ് വരുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

## 2-5 ഡി. & ഒ. ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ.

2016-17 സാമ്പത്തിക വർഷത്തിൽ , ഗ്രാമ പഞ്ചായത്തിലെ 19വാർഡുകളിലെ വാണിജ്യ സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം ഡി.&.ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 652 ആണ് . സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഡി.ആന്റ്.ഒ. ലൈസൻസ് ആവശ്യമായ 2888കെട്ടിടങ്ങളുണ്ട്. . പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരള പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനത്തിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്

| ക്രമ നം (ഡി&ഒ ലൈസൻസ് രജിസ്റ്റർ) | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 93 | ശ്രീ.മുഹമ്മദലി ചന്ദ്രോത്ത് | ഡേ മാർട്ട് സൂപ്പർ മാർക്കറ്റ് | 20 |

മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന മേധാവി സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്യുതിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ കൊടുത്തിരിക്കുന്നവരിൽ നിന്നും ചട്ട പ്രകാരം നടപടി സ്വീകരിച്ച് നികുതി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്

## 2-7 <u>സേവന ഉപനികുതി ചുമത്തുന്നില്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ, വകുപ്പ് 200(2) , 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം.26 എന്നിവ അനുസരിച്ച്, ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 207 ാം വകുപ്പ് (1) ാംഉപ വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. മേൽ ചട്ടം 27, 28, 29 എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്യിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണ സമിതി സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# ഭാഗം-3

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>ഐ എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല -</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി ഇ ഒ

പ്രൊജക്ട് നമ്പർ , പേര് : ഐ എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ 210/17

അടങ്കൽ വികസന ഫണ്ട് : 120000

ബിൽ നമ്പർ : 13 /16-17 120000 തീയതി 27/3/17

മേൽ പ്രോജക്ട് പ്രകാരമുള്ള ഐ എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ എന്ന പദ്ധതിയിലുൾപ്പെടുത്തി 120000 രൂപ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യിട്ടുണ്ട്. എന്നാൽ തുക സെക്രട്ടറി കൈപ്പറ്റിയതിന്റെ രസീതി, തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു

## 3-2 <u>ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ യാത്രച്ചിലവ് രേഖകൾ ഹാജരാക്കിയില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ സി ഡി എസ് സൂപ്പർ വൈസർ

പ്രൊജക്ട് നമ്പർ , പേര് – ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ യാത്രച്ചിലവ് 208/17

അടങ്കൽ തനത് ഫണ്ട് – 135000

ചെലവ് – 93784 രൂപ

മേൽ പ്രോജക്ട് പ്രകാരമുള്ള ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ യാത്രച്ചിലവ് എന്ന പദ്ധതി പ്രകാരം ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ യാത്രച്ചിലവിനായി 93784 രൂപ ചിലവഴിച്ചിട്ടുണ്ടെങ്കിലും അതിൽ 77337 രൂപ യുടെ വൗച്ചറുകൾ മാത്രമേ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ . ബാക്കിയുള്ള 16447 രൂപയുടെ വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു

## 3-3 <u>വീട്പുനരുദ്ധാരണം പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി ഇ ഒ

പ്രൊജക്ട് നമ്പർ , പേര് – SO121/17

അടങ്കൽ – വികസന ഫണ്ട് 200000

ബിൽ നമ്പർ – 14 /16-17 135000 തീയതി 27/3/17

ബിൽ നമ്പർ – 16/16-17 65000 തീയതി 30/3/17

മേൽ പ്രോജക്ട് പ്രകാരമുള്ള ഭവന പുനരുദ്ധാരണം പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ പെട്ട 8 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട് 12% പദ്ധതി പുതുക്കിയ മാർഗ്ഗരേഖ ജി ഒ (എം എസ് ) 4/2016 ത സ്വ ഭ വ തീയതി 11-1-2016 പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 12 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ. ഖണ്ഡിക 11(9) പ്രകാരം ഇപ്രകാരം 12 വർഷത്തിന് ശേഷം റിപ്പയറിന് ധനസഹായം നൽകണമെങ്കിൽ വീട് റിപ്പയർ അനിവാര്യമാണെന്നുള്ളതിന് സെക്രട്ടറിയിൽ നിന്ന് സർട്ടിഫിക്കറ്റ് വാങ്ങിക്കേണ്ടതാണ് . കൂടാതെ ഗുണഭോക്താക്കൾ വരുമാനപരിധി 1,00,000 രൂപക്ക് വിധേയമായി ബി പി എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം എന്നാൽ വീട് റിപ്പയറിന് ധനസഹായത്തിന് അർഹരായ ഗുണഭോക്താക്കളൊന്നും മേൽ പറഞ്ഞ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല

അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്

## 3-4 <u>വികലാംഗർക്ക് പെട്ടിക്കട പ്രൊജക്ട് നടത്തിപ്പിൽ അവശ്യ രേഖകൾ ഹാജരാക്കിയില്ല-</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി ഇ ഒ

പ്രൊജക്ട് നമ്പർ ,പേര് – SO122/17

അടങ്കൽ വികസന ഫണ്ട് – 100000

ബിൽ നമ്പർ – 8 /16-17 50000 തീയതി 15/3/17

ബിൽ നമ്പർ – 10/16-17 50000 തീയതി 16/3/17

മേൽ പ്രോജക്ട് പ്രകാരമുള്ള വികലാംഗർക്ക് പെട്ടിക്കട എന്നപ്രോജക്ടിൽ നാല് ഗുണഭോക്താക്കൾക്ക് പെട്ടിക്കട സ്ഥാപിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട് . സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) 4/2016 ത സ്വ ഭ വ തീയതി 11/1/2016 പ്രകാരം ശാരീരിക വൈകല്യമുള്ളവർക്ക് പെട്ടിക്കട നൽകണമെങ്കിൽ താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിരിക്കേണ്ടതാണ്

1 ഗുണഭോക്താക്കൾ വരുമാനപരിധി 1,00,000 രൂപക്ക് വിധേയമായി ബി പി എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം

2 ഇതിന് മുൻപ് സ്വയംതൊഴിൽ സംരംഭത്തിന് ധനസഹായം ലഭിച്ചവർ അർഹരല്ല

3 കച്ചവടത്തിന് അനുയോജ്യമായ സ്ഥലത്തായിരിക്കണം പെട്ടിക്കട സ്ഥാപിക്കേണ്ടത്

4 നടത്തിപ്പിനുള്ള അവകാശം മാത്രമേ നൽകാവൂ

5 പെട്ടിക്കട നിർമ്മിച്ച് നൽകിയവർക്കാണ് ആനുകൂല്യം നൽകേണ്ടത് .വാല്യേഷൻ എൽ എസ് ജി ഡി എഞ്ചിനീയർ എടുക്കണം .സബ്സിഡി തുക അക്കൗണ്ടിലേക്ക് നൽകണം

എന്നാൽ പ്രോജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു

1 ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളൊന്നും തന്നെ വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല

2 ആനുകൂല്യം ലഭിച്ച രാജൻ , മീത്തലെ തെരയക്കോട്ട് ഹൗസ് എന്നവർ വികലാംഗനാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

3 ഗുണഭോക്താക്കൾ സ്വയംതൊഴിലിന് മുൻപ് ആനുകൂല്യം ലഭിച്ചവർ അല്ല എന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

4 പെട്ടിക്കടകൾ സ്ഥാപിച്ചതെവിടെയെന്നതിനെക്കുറിച്ചും ആയതിന്റെ പ്രവർത്തനം സംബന്ധിച്ചുമുള്ള മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ലഭ്യമല്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല . രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-5 വീട് വയറിംഗ് പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങൾ സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി ഇ ഒ

പ്രൊജക്ട് നമ്പർ ,പേര് – SO156/17

അടങ്കൽ തനത് ഫണ്ട് – 8000

ചെലവ് ചെക്ക് നമ്പർ – 202108 dt 30/3/17 4000

ചെക്ക് നമ്പർ – 202109 dt 30/3/17 4000

മേൽ പ്രോജക്റ്റ് പ്രകാരം ശ്രീമതി ചിത്ര, പാറമ്മേൽ വീട്, ശ്രീ കുമാരൻ, പുളിങ്ങോളി താഴെക്കനി വീട് എന്നവർക്ക് വീട് വയറിംഗിന് ആനുകൂല്യം നൽകിയിട്ടുണ്ട് സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) 4/2016 ത സ്വ ഭ വ തീയതി 11/1/2016 പ്രകാരം വീട് വയറിംഗിന് ആനുകല്യം നൽകുന്നതിന് താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിരിക്കേണ്ടതാണ്

1 ഗുണഭോക്താക്കൾ വരുമാനപരിധി 1,00,000 രൂപക്ക് വിധേയമായി ബി പി എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം. (G.O(Rt)2464/16 dated 17.08.16)

2 മെയിൻ സ്വിച്ച്, എർത്തിംഗ്, എന്നിവക്ക് പുറമെ കുറഞ്ഞത് 3 പോയിന്റ് വയറിംഗ് നടത്തിയതായി വി ഇ ഒ/ ഓവർസിയർ സാക്ഷ്യപ്പെടുത്തണം

3 കെ എസ് ഇ ബിയിൽ സി ഡി അടച്ചതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ സബ്സിഡി തുക നൽകാവൂ

എന്നാൽ ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കളൊന്നും തന്നെ മേൽപറഞ്ഞ രേഖകൾ ഹാജരാക്കിയിട്ടില്ല . പദ്ധതി നിർവ്വഹണത്തിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 3-6 - പെയിൻ & പാലിയേറ്റീവ് പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങൾ സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി എച്ച് സി )

പ്രൊജക്ട് നമ്പർ ,പേര് – SO130/17 പെയിൻ & പാലിയേറ്റീവ് കെയർ പ്രോഗ്രാം

അടങ്കൽ വികസന ഫണ്ട് – 400000

ചെലവ് ബിൽ നമ്പർ – 1/16-17 179816 dt 12/1/17

ബിൽ നമ്പർ – 2/16-17 173730 dt 28/3/17

1. പാലിയേറ്റീവ് വാഹനം വാടക അനുവദിച്ചത് ട്രിപ്പ് ഷീറ്റിൽ അടിസ്ഥാന വിവരങ്ങൾ ചേർക്കാതെ

മേൽ ബില്ലുകളിലായി ബിൽ നമ്പർ 1 പ്രകാരം 89 ദിവസത്തെ വണ്ടി വാടകയിനത്തിൽ ശ്രീ മനോജൻ എം എന്നവർക്ക് 80100 അനുവദിച്ചതിൽ 46 ദിവസത്തെ ട്രിപ്പ് ഷീറ്റിൽ മാത്രമേ ഓടിയ ദൂരം രേഖപ്പെടുത്തിയിട്ടുള്ളൂ

ബിൽ നമ്പർ 2 പ്രകാരം 51 ദിവസത്തെ വണ്ടി വാടക അനുവദിച്ചതിൽ ഒരു ട്രിപ്പ് ഷീറ്റിലും വണ്ടി ഓടിയ ദൂരം രേഖപ്പെടുത്തിയിട്ടില്ല

പാലിയേറ്റിവ് പരിചരണ മാർഗ്ഗരേഖ 2015 ജി ഒ (ആർ ടി ) 3217/2015 തസ്വ ഭ വ തീയതി 29/10/15 അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഹോം കെയർ വാഹനം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ വണ്ടി ഓടിയ ദൂരത്തിന് മാർഗ്ഗരേഖയിൽ നിശ്ചയിച്ച പരമാവധിനിരക്കിന് വിധേയമാ യി മെഡിക്കൽ ഓഫീസർക്ക് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനം പി എം സിയുടെ അംഗീകാരത്തിന് വിധേയമായി ദിവസവാടക്ക് എടുക്കാവുന്നതാണ് ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷന്റെ കാലാവധി പരമാവധി ആറ് മാസമായിരിക്കും എന്നും മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഓടിയ ദൂരത്തിന് നൽകാവുന്ന പരമാവധി നിരക്ക് ചുവടെ ചേർക്കുന്നു

19-24 കി മി - 800 രൂപ

25-34 കി മി - 900 രൂപ

44 കി മീറ്ററിൽ കൂടുതൽ 1100 രൂപ

ഹോം കെയർ വാഹനം വാടകക്കെടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും പിഎം സി ക്വട്ടേഷൻ അംഗീകരിച്ചതിന്റെ രേഖകൾ എന്നിവഓഡിറ്റിന് ഹാജരാക്കിയിട്ടില്ല . ട്രിപ്പ് ഷീറ്റിൽ ഓടിയ ദൂരം രേഖപപ്പെടുത്താതെ 900 രൂപ ദിവസവാടക അനുവദിച്ചദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്

2 പാലിയേറ്റിവ് മാനേജ്മെന്റ് കമ്മിറ്റി മീറ്റിങ്ങ് കൃത്യമായി ചേരുന്നില്ല

പാലിയേറ്റിവ് പരിചരണ മാർഗ്ഗരേഖ 2015 ജി ഒ (ആർ ടി ) 3217/2015 തസ്വ ഭ വ തീയതി 29/10/15 അനുസരിച്ച് പാലിയേറ്റിവ് മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ തീരുമാനങ്ങൽ കൈക്കൊള്ളേണ്ടതുമാണ് .എന്നാൽ ഓഡിറ്റ് വർഷം മൂന്ന് തവണ (23/6/16,9/1/1`7, 18/3/`17 ) മാത്രമേ യോഗം ചേർന്നിട്ടുള്ളൂ . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്

## 3-7 പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി ഇ ഒ

പ്രൊജക്ട് നമ്പർ ,പേര് – പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം 211/17

അടങ്കൽ – വികസന ഫണ്ട് 200000

ബിൽ നമ്പർ – 11 /16-17 140000 തീയതി 27/3/17

ബിൽ നമ്പർ – 15 /16-17 20000 തീയതി 30/3/17

2 പ്രൊജക്ട് നമ്പർ ,പേര് – പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം 100/17

അടങ്കൽ – വികസന ഫണ്ട് 80000

ബിൽ നമ്പർ – 6 /16-17 80000 തീയതി 20/10/16

മേൽ പ്രോജക്ട് പ്രകാരമുള്ള പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം എന്ന പദ്ധതിയിൽ 2006-07 വർഷത്തെ 4ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് വീട് പൂർത്തീകരണത്തിനായി ആനുകൂല്യം നൽകിയിട്ടുണ്ട് .എന്നാൽ സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) 4/2016 തസ്വഭവ തീയതി 11/1/2016 പ്രകാരം പണിപൂർത്തീകരിക്കാത്തവീടുകൾക്കുള്ള ധനസഹായം അനുവദിക്കേണ്ടത് സ ഉ (സാധാ ) നമ്പർ 497/2011 തീയതി 17/2/2011 പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട് മേൽ ഉത്തരവിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവർ ആരെങ്കിലും വീട് പരിശോധിച്ച് വീട് വാസയോഗ്യമല്ലെന്ന് സാക്ഷ്യപ്പെടുത്തണം

വീടിന്റെ തറവിസ്തീർണ്ണത്തിന് നിശ്ചയിച്ച അനുവദനീയമായ കൂടിയ പരിധി കണക്കിലെടുത്ത് പൂർത്തീകരിക്കേണ്ട ഭാഗത്തിന്റെ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസീയർ തയ്യാറാക്കണം അതോടൊപ്പം പൂർത്തീകരിച്ച ഭാഗത്തിന്റെ മൂല്യനിർണ്ണയം നടത്തുകയും വേണം

പുതിയ വീട് നിർമ്മാണത്തിന് അനുവദനീയമായ ധനസഹായ തുകയിൽ നിന്ന് മുൻപ് നൽകിയ തുക കുറവ് ചെയ്തതിന് ശേഷം ബാക്കി തുക പൂർത്തീകരണത്തിനായി നൽകേണ്ടതാണ് . എന്നാൽ അനുവദനീയമായ ബാക്കി തുക എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതലാണെങ്കിൽ എസ്റ്റിമേറ്റ് തുക മാത്രമേ അനുവദിക്കാവൂ .

എന്നാൽ മേൽ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചതിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല . പൂർത്തീകരിച്ച പണിയുടെ മൂല്യനിർണ്ണയം നടത്തിയതിന് അനുസരിച്ച് ഗഡുക്കൾക്ക് ആനുപാതികമായ തുക നൽകുകയാണ് ചെയ്തിട്ടുള്ളത് . പൂർത്തീകരിക്കേണ്ട ഭാഗത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല .

ബിൽ നമ്പർ 6 പ്രകാരം 2005-06 വർഷത്തെ 2 ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് വീട് പൂർത്തീകരണത്തിനായി ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ വ്യവസ്ഥകൾ മേൽഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിലും പാലിച്ചിട്ടില്ല. കൂടാതെ ഇത് പ്രകാരം ആനുകൂല്യം നൽകിയിട്ടുള്ള കാർത്ത്യായനി എന്ന ഗുണഭോക്താവിന് നൽകിയിട്ടുള്ള വാല്വേഷൻ പ്രകാരം 150000 രൂപയുടെ വർക്ക് നടന്നിട്ടുണ്ടെന്നും എന്നാൽ ധനസഹായ തുക 100000 രൂപയായി പരിമിതപ്പെടുത്തിയെന്നുമാണ് ചേർത്തിട്ടുള്ളത് എങ്കിലും 60000 രൂപ മാത്രമേ ആനുകൂല്യമായി നൽകിയിട്ടുള്ളൂ . ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്

## 3-8 ഫണ്ട് വിനിയോഗം -നിർവഹണത്തിലെ വീഴ്ച -പദ്ധതിപ്പണം നഷ്ടപ്പെടുന്നു.

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ 2015-16,16-17സാമ്പത്തികവർഷത്തെ ഫണ്ടുകളുടെ ലഭ്യത ആയതിന്റെ വിനിയോഗം എന്നിവ പരിശോധിച്ചതിൽവിവിധ ഫണ്ടുകളിലായി സാമ്പത്തികവർഷം വരവുവന്ന തുകകളിൽ പദ്ധതിനടത്തിപ്പിലെചെലവുകുറഞ്ഞതിനാൽ നല്ലൊരുതുക സഞ്ചിതനിധിയിലേക്ക് തിരികെ പ്പോയിരിക്കയാണ്.

2015-16,16-17 വർഷങ്ങളിലെഫണ്ടുകളുടെ ലഭ്യത വിനിയോഗം എന്നിവ സംബന്ധിച്ച സാമ്പത്തികവർഷം തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു.

2015-16 സാമ്പത്തിക വർഷത്തെ ഫണ്ടുകളുടെ ലഭ്യത വിനിയോഗം സംബന്ധിച്ച വിവരം

| ഫണ്ടിനം | ബജറ്റ് അലോട്ട് മെന്റ് | മുൻ ബാക്കി | തൻ വർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ചെലവ് % | സഞ്ചിത നിധിയിലേക്ക് തിരികേപോയ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 10234000 | 534180 | 17998881 | 18533061 | 9011577 | 48.62% | 9521484 |

| | | | | | | | |
|---|---|---|---|---|---|---|---|
| s.c.p | 1302000 | 2583550 | 1302000 | 3885550 | 916050 | 23.57% | 2969500 |
| T.S.P | - | - | - | - | - | - | - |
| 14ാം ധനകാര്യ കമ്മീഷൻഗ്രാന്റ് | 5205000 | 427403 | 4643465 | 5070868 | 4991516 | 98.43% | 79352 |
| M.Gനോൺറോഡ് | 3128000 | 3319870 | 3128000 | 6447870 | 882647 | 13.68% | 5565223 |
| M.G.റോഡ് | 4285000 | 603954 | 4285000 | 4888954 | 2356613 | 48.2% | 2532341 |
| ലോകബാങ്ക്സഹായം | 0 | 3252000 | 0 | 3252000 | 1432500 | 44.04% | 1819500 |
| ആകെ | 24154000 | 10720957 | 31357346 | 42078303 | 19590903 | 46.55% | 22487400 |
| | | | | | | | |

2016-17വർഷത്തെ ഫണ്ടുകളുടെ ലഭ്യത വിനിയോഗം സംബന്ധിച്ച വിവരം

| ഫണ്ടിനം | ബജറ്റ് അലോട്ട് മെന്റ് | മുൻ ബാക്കി | തൻ വര്ഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ചെലവ് % | സഞ്ചിത നിധിയിലേക്ക് തിരികേപ്പോയ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 10155000 | 0 | 12611360 | 12611360 | 11295709 | 89.56% | 1315651 |
| s.c.p | 1458000 | 0 | 1458249 | 1458249 | 1391681 | 95.4% | 66568 |
| T.S.P | | | | | | | |
| സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് | 3479000 | 0 | 3478650 | 3478650 | 746983 | 21.47% | 2731667 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 4719000 | 0 | 4718586 | 4718586 | 2311508 | 48.98% | 2407078 |
| 14ാം ധനകാര്യ കമ്മീഷൻഗ്രാന്റ് | 6252000 | 0 | 7072272 | 7072272 | 5227617 | 73.9% | 1844655 |
| ലോകബാങ്ക്സഹായം(സംസ്ഥാനം) | 0 | 0 | 973460 | 973460 | 0 | 0 | 973460 |

| | | | | | | | |
|---|---|---|---|---|---|---|---|
| ലോകബാങ്ക്സഹായം(കേന്ദ്രം ) | 0 | 0 | 4549832 | 4549832 | 1224859 | 26.92% | 3324973 |
| ആകെ | 26063000 | 0 | 34862409 | 34862409 | 22198357 | 63.67% | 12664052 |

2015-16, സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടുകളിലായി സർക്കാരിൽ നിന്നും ലഭിച്ച 42078303 രൂപയിൽ 19590903 രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. തൻവർഷത്തെ ഈ ഇനങ്ങളിലുള്ള ചെലവുശതമാനം 46.55% ആണ്. ചെലവഴിക്കാതെ 22487400 രൂപ സഞ്ചിതനിധിയിലേക്ക് തിരികേപ്പോയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിലും മേൽ പ്രകാരം സർക്കാരിൽനിന്നും വിവിധ ഫണ്ടിനങ്ങളിലായി 34862409 രൂപ ലഭിച്ചതിൽ 22198357രൂപ മാത്രമെ ചെലവഴിക്കപ്പെട്ടിട്ടുള്ളു. ചെലവുശതമാനം 63.67% ചെലവഴിക്കാതെ 12664052 രൂപ സഞ്ചിതനിധിയിലേക്ക് തിരികേപ്പോയിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥരുടെ അടിസ്ഥാനത്തിൽ സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയതും ചെലവഴിക്കപ്പെട്ടിട്ടുള്ളതുമായ തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

2015-16സാമ്പത്തിക വർഷത്തെ പ്രൊജക്ടുകളുടെ നിർവഹണം

| നിർവഹണ ഉദ്യോഗസ്ഥൻ | വിഭാവനം ചെയ്ത പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കൃഷിഓഫീസർ | 5 | 5 | 2274550 | 1905315 |
| വെറ്റിനറി സർജൻ | 6 | 5 | 2770000 | 1284820 |
| മെഡിക്കൽഓഫീസർ P.H.C | 1 | 1 | 490000 | 478649 |
| മെഡിക്കൽഓഫീസർആയുർ വേദം | 2 | 2 | 400000 | 400000 |
| V.E.O | 25 | 17 | 5443350 | 3139000 |
| I.C.D.S സൂപ്പർ വൈസർ | 5 | 5 | 4592300 | 3347567 |
| M.O.C.H.C | | | | |
| സെക്രട്ടറി | 21 | 12 | 7973291 | 1926839 |
| ഹെഡ് മാസ്റ്റർ | | | | |
| അസി എൻജിനിയർ | 198 | 63 | 38497057 | 13749997 |
| അസി.സെക്രട്ടറി | 13 | 11 | 4130550 | 1079296 |
| ആകെ | 276 | 121 | 66571098 | 27311483 |

2016-17സാമ്പത്തിക വർഷത്തെ പ്രൊജക്ടുകളുടെ നിർവഹണം

| നിർവഹണ ഉദ്യോഗസ്ഥൻ | വിഭാവനം ചെയ്ത പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കൃഷിഓഫീസർ | 2 | 2 | 1180000 | 899273 |
| വെറ്റിനറി സർജൻ | 5 | 5 | 2112750 | 1887830 |
| മെഡിക്കൽഓഫീസർ P.H.C | 2 | 2 | 450000 | 366346 |
| മെഡിക്കൽഓഫീസർ ആയുർ വേദം | 2 | 2 | 500000 | 500000 |
| V.E.O | 20 | 13 | 9788950 | 1946500 |
| I.C.D.S സൂപ്പർ വൈസർ | 7 | 6 | 5928900 | 5042041 |
| DE.O | | | | |
| സെക്രട്ടറി | 14 | 9 | 7277224 | 4813070 |
| ഹെഡ് മാസ്റ്റർ | | | | |
| അസി എൻജിനിയർ | 142 | 47 | 31797832 | 10149285 |
| അസി.സെക്രട്ടറി | 13 | 10 | 3609000 | 1391681 |
| M.O.C.H.C | | | | |
| ആകെ | 207 | 96 | 62644656 | 26996026 |

2015-16 സാമ്പത്തിക വർഷത്തിൽ 276 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ വിവിധ നിർവഹണ ഉദ്യോഗസ്ഥർ മുഖേന121 പ്രൊജക്ടുകൾക്ക് പണം ചെലവഴിക്കപ്പെട്ടിട്ടുണ്ട്.വിവിധ ഫണ്ടിനങ്ങളിലായിസ സാമ്പത്തിക വർഷം 66571098രൂപ വകയിരുത്തിയതിൽ 27311483രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. A.E. നിർവഹണ ഉദ്യോഗസ്ഥനായി വിഭാവനം ചയ്ത പ്രൊജക്ടുകളിൽ ചെലവു കുറഞ്ഞതിനാൽ സർക്കാരിൽ നിന്നും ലഭിച്ച തുകകളിൽനല്ലൊരു ശതമാനംസഞ്ചിത നിധിയിലേക്ക് തിരികേപ്പോയിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ സർക്കാരിൽ നിന്നുംലഭിച്ച ഫണ്ടുകളിൽ 46.55% മാത്രമാണ്വ്നിയോഗിക്കപ്പെട്ടിട്ടുള്ളത്.

2016-17 സാമ്പത്തികവർഷം വിവിധ നിർവഹണ ഉദ്യോഗസ്ഥർ മുഖേന207 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 96 പ്രൊജക്ടുകൾക്ക് മാത്രമാണ് തുക വിനിയോഗിക്കപ്പെട്ടിരിക്കുന്നത്.ആയതിന് വിവിധ ഫണ്ടിനങ്ങളിലായി 62644656 രൂപ വകയിരുത്തിയതിൽ 26996026 രൂപമാത്രമാണ് ചെലവഴിക്കപ്പെട്ടിരിക്കുന്നത്. പ്രൊജക്ട് നിർവഹണം പരിശോധിച്ചതിൽ അസി.എഞ്ചിനീയർ വി ഇ ഒ എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥർ വിഭാവനം ചെയ്ത ഭൂരിഭാഗംപ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ ഫണ്ടിനങ്ങളിലായി സർക്കാരിൽ നിന്നുംലഭിച്ച തുകയിൽ 68.67% മാത്രമാണ് വിനിയോഗം.ആയതിനാൽ 12664052 രൂപ സഞ്ചിതനിധിയിലേക്ക് തിരികേപ്പോയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ പോരായ്മകൾകാരണം രണ്ട് വർഷങ്ങളിലും ലക്ഷങ്ങൾ സഞ്ചിതനിധിയിലേക്ക് തിരികെ പോകാൻ കാരണമായിട്ടുണ്ട്

## 3-9 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അപാകതകൾ

വെറ്റിനറി സർജൻ 2016 -17 വർഷത്തിൽ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 600000/- രൂപ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നല്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

പ്രോജക്ടിന്റെ പേര് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

ചെലവഴിച്ച തുക 413814 (plan) billno 4/16-17 dated 31.03.17

106908 (Plan) Bill No.5/16-17 dated 31.03.17

79278(own fund) Cheque NoSB/XY No.1402966-08.03.17

നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്റിനറി സർജൻ

കർഷകർക്കുള്ള സബ്സിഡി തുകകൾ അവർ അംഗങ്ങളായ ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലേക്കാണ് കൈമാറിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സംഘത്തിൻെറ പേര് | പദ്ധതിവിഹി | പദ്ധതിവിഹിതം | തനത്ഫണ്ട | ആകെതുക | കർഷകരുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | തിരുമന | 248670 | 30763 | 79278 | 358711 | 109 |
| 2 | മയ്യന്നൂർ | 22274 | 12881 | | 35155 | 13 |
| 3 | ലോകനാർക്കാവ് | 91613 | 46989 | | 138602 | 40 |
| 4 | കീഴൽ | 51257 | 16275 | | 67532 | 29 |
| | | 413814 | 106908 | 79278 | 600000 | |

11.01.2016 ലെ ജി.ഒ(എം.എസ്) 4 / 2016 തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 15 ഖണ്ഡിക 3.2 ക്രമനമ്പർ 8 പ്രകാരം സബ്സിഡി തുക ക്ഷീരസംഘങ്ങൾ മുഖേന കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ മേൽതുകകൾ മുഴുവനായും കർഷകരുടെ അക്കൗണ്ടിലേക്ക് കൈമാറിയതായുള്ള രേഖകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല. കൂടാതെ ഈ പ്രോജക്ടിന്റെ മോണിറ്ററിങ് റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല. അപാകതകൾ വിശദീകരിക്കേണ്ടതാണ്. 600000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-10 മരുന്ന് വാങ്ങൽ ആയുർവേദാശുപത്രി-സമയപരിധിപാലിക്കുന്നില്ല.

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫിസർ ആയുർവേദം

പ്രോജക്റ്റ് നമ്പർ – so/177/17

ചെലവഴിച്ച തുക – 4,00,000 രൂപ

billno 01/16/17dated 26.11.16

D.D.No.021876/dated05.12.2016 400000 S.B.T.Vatakara

മേൽപറഞ്ഞ തുക ഔഷധിയ്ക്ക് നൽകിയിട്ടും മരുന്നിന്റെ വിതരണത്തിൽ കാലതാമസം വന്നു.

വിശദവിവരം താഴെ പറയുന്നു. ലഭിച്ച മരുന്നിന്റെ വിവരം താഴെ പറയുന്നു

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർതിയ്യതി | മരുന്നിന്റെ വില | മരുന്ന് ലഭിച്ച തീയതി |
|---|---|---|---|
| 1 | 2007/16.12.2016 | 190687 | 19.12.2016 |

| | | | |
|---|---|---|---|
| 2 | 2082/27.12.2016 | 33475 | 04.01.2017 |
| 3 | 3040/23.02.2017 | 14328 | 02.03.17 |
| 4 | 3414/17.03.2017 | 57145 | 21.03.2017 |
| 5 | 3663/31.03.201 | 12268 | 21.04.17 |
| 6 | 90020010/31.05.2017 | 26236 | 04.06.17 |
| 7 | 90022749/21.06.17 | 17262 | 06.07.17 |
| 8 | 90025482/14/07/2017 | 10081 | 17'07.2017 |
| 9 | 90027495/29.07.2017 | 29983 | 04.08.2017 |
| | | 391465 | |

സർക്കുലർ നമ്പർ 13160 ഡി.എ1 തസ്വഭവ 28.11.2010 പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യണം.എന്നാൽ 05.12.2016 തിയ്യതിയ്ക്ക് തുക നൽകിയിട്ടും ഓഡിറ്റ് തിയ്യതി വരെ മരുന്നിന്റെ വിതരണം പൂർത്തിയാക്കിയിട്ടില്ല. നിലവിൽ 8535 രൂപയുടെ മരുന്ന് വിതരണം ചെയ്യുവാനുണ്ട്. ഔഷധിയുമായി കരാർ ചമച്ചിട്ടില്ല. തദ്ദേശസ്ഥാപനങ്ങൾ മരുന്ന് വാങ്ങുമ്പോൾ രണ്ട് മാസത്തിനുള്ളിൽ വിതരണം ചെയ്യണമെന്ന് കരാർ ചമയ്ക്കണം. ഈ നിബന്ധന പാലിച്ചിട്ടില്ല

മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം വന്നതിനാൽ നികുതിയിനത്തിൽ 2184 രൂപ അധികം ഈടാക്കിയിട്ടുണ്ട് മേൽ പട്ടികയിൽ ക്രമനമ്പർ 8,9 പ്രകാരം അടവാക്കേണ്ട വാറ്റ് നികുതി (5%)2003 രൂപയാണ്. എന്നാൽ അടവാക്കിയത് 4186.58 രൂപയാണ്. (12%--6%sgst,6% cgst). തുക ഉത്തരവാദിയായവരിൽ നിന്നു ഈടാക്കേണ്ടതാണ്.

മേൽപറഞ്ഞ അപാകതകൾക്ക് വിശദവിവരം നൽകേണ്ടതാണ്

## 3-11 <u>മരാമത്ത് വർക്ക് -സമയബന്ധിതമായി പൂർത്തിയാക്കുകയോ, പദ്ധതി അംഗീകാരം ലഭിച്ചവ യിൽ ഭൂരിഭാഗവും പ്രവൃത്തി എറ്റെടുത്ത് നടപ്പിലാക്കുകയോ ചെയ്യുന്നില്ല.</u>

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തിക്ക് കരാർ ചമച്ച് കരാർ കാലാവധി കഴിഞ്ഞ് മാസങ്ങൾക്ക് ശേഷമാണ് ചില പ്രവർത്തികൾ പൂർത്തികരിച്ച് ഫൈനൽബിൽ നല്കുന്നത് എന്ന് ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. കരാറിൽ 6 മാസത്തിനകം പ്രവർത്തിപൂർത്തികരിക്കാമെന്ന് രേഖപ്പെടുത്തുകയും എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽബിൽ നല്കുന്നത് മാസങ്ങൾക്ക് ശേഷവുമാണ്. ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ക്രമനമ്പർ | പ്രവർത്തിയുടെപേര് | അടങ്കൽ | എംബുക്ക്നം.<br>ചെലവ്<br>ബിൽനം/വൗച്ചർനം | കരാർനം,തീയ്യതി | കരാറുകാരൻ |
|---|---|---|---|---|---|
| 1 | പറമ്പത്ത് എസ്.സി കോളനി റോഡ്ടാറിംഗ് ചെയിനേജ്: 0/000 to 0/334 | 6,00,000 | 116/14-15<br>6,00,000<br>6/16.17.31.10.16 | AE/LSGD /VP/241/15-16<br>3.9.15 | എൻ.കെ പുരുഷോത്തമൻ |

| | | | | | |
|---|---|---|---|---|---|
| 2 | മീക്കണ്ണി-പുതിയേടത്ത് റോഡ് മെറ്റലിംഗ്, ടാറിംഗ് ചെയിനേജ്: 0/000 to 0/052 | 1,50,000 | 131/14-15 149445/ 21600617. 28.10.2016 | AE/LSGD /VP/23/15-16 26.2.15 | ലതീഷ്. |

കരാർ ചമച്ച് നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിക്കണമെന്നിരിക്കെ മാസങ്ങൾ കഴിഞ്ഞ്പ്രവൃത്തി പൂർത്തികരിച്ച് ഫൈനൽബിൽ നല്കിയത് പദ്ധതിനടത്തിപ്പിലെ പോരായ്മയായ് ഓഡിറ്റ് വിലയിരുത്തുന്നു. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് പ്രവൃത്തി ദീർഘീകരണത്തിന് അനുമതി വാങ്ങുമ്പോൾ ഒടുക്കേണ്ട ചട്ടപ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. കൂടാതെ 2016-17 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ 142 മരാമത്ത് പ്രവൃത്തികൾക്ക് പ്രൊജക്ട് അംഗീകാരം ലഭിച്ചുവെങ്കിലും 47 എണ്ണം മാത്രമേ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളൂ. 97 എണ്ണം പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാതെ നഷ്ടപ്പെടുകയാണുണ്ടായത്. തൻവർഷം മരാമത്ത് പ്രവൃത്തിക്ക് 3,17,97,832രൂപയുള്ള പ്രൊജക്ട് അംഗീകാരം ലഭിച്ചതിൽ 1,01,49,285 രൂപ മാത്രമേ ചെലവ് ചെയ്തിട്ടുള്ളൂ.

പ്രൊജക്ട് അംഗീകാരം ലഭിച്ച മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാത്തത് അനുവദിക്കപ്പെട്ട ഫണ്ട് നഷ്ടപ്പെടുത്തുന്നതിനും പഞ്ചായത്തിന്റെ സമഗ്രവികസനം തടസ്സപ്പെടുന്നതിനും കാരണമാകുന്നു .

## 3-12 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ--സമയപരിധിക്കുള്ളിൽ ലംഭ്യമാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫിസർ ആയുർവ്വേദം

ചെലവ് ബിൽനമ്പർ – 58/ 16-17 29.03.2017 100000

മേൽപറഞ്ഞ തുക കേരളസംസ്ഥാന ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് 29.03.2017ന് നൽകി. എന്നാൽ മേൽപറഞ്ഞ തുകയുടെ മരുന്നുകൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

ചെലവ് തുക 100000 തടസ്സപ്പെടുത്തുന്നു.

## 3-13 വിട് റിപ്പയർ --പദ്ധതിനടത്തിപ്പിൽ അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

പ്രോജക്റ്റ് നമ്പർ – 187/17

ചെലവ് – 100000 Plan - 16/16-17 – 30.03.17

മേൽപറഞ്ഞ പദ്ധതിനടത്തിപ്പിനായി താഴെ പറയുന്ന നിബന്ധനകൾ നിഷ്കർഷിക്കുന്നു.

എ) ബി.പി.എൽ കുടുംബം

ബ) സ്ത്രീ കുംടുംബനാഥ

സി) മാരകരോഗം ബാധിച്ച അംഗങ്ങളുള്ള കുടുംബം

ഡി) ആശ്രയ കുടുംബം

ഇ) അവിവാഹിതരായ പെൺമക്കളുള്ള കുടുംബം

ഇതിനുപുറമെ മേൽക്കൂര, ചുമരുകൾ, വാതിലുകൾ, ജനലുകൽ, നിലം എന്നിവ ഭാഗികമായി കേടുവന്ന വീടുകൾക്കാണ് ഭവനപുനരുദ്ധാരണത്തിനുള്ള ധനസഹായം നൽകേണ്ടത്. ഒരു ഗുണഭോക്താവിന് 25000 രൂപയാണ് നൽകിയത്.

സബ്സിഡിമാർഗ്ഗരേഖ ജി ഒ (എം.എസ്) 4/2016 ത.സ്വ.ഭ.വ.11.1.2016പ്രകാരം താഴെപറയുന്ന നിബന്ധനകൾ ഭവനപുനരുദ്ധാരണത്തിനുള്ള പദ്ധതിനടത്തിപ്പിൽ പാലിക്കണം.

എ)ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഓരോ വീടിന്റെയും അറ്റകുറ്റപണികൾക്കുള്ള എസ്റ്റിമെറ്റ് ഉടമസ്ഥൻ തയ്യാറാക്കണം

ബി)എൽ .എസ്.ജി.ഡി എൻജിനിയർ അളവെടുത്തശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത്

സി)കരാറിലേർപ്പെട്ട ശേഷം അമ്പത് ശതമാനം തുക മുൻകൂറായി നൽകേണ്ടത്

ഡി) പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 12 വർഷമെങ്കിലും കഴിഞ്ഞാൽ മാത്രമെ ഈ ധനസഹായത്തിന്ന് അർഹതയുള്ളു

എന്നാൽ പദ്ധതിനടത്തിപ്പ് ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ താഴെപറയുന്ന അപാകതകൾ കണ്ടു

എ) അറ്റകുറ്റപ്പണികളുടെ എസ്റ്റിമെറ്റ് ഉടമസ്ഥൻ തയ്യാറാക്കിയിട്ടില്ല.

ബി)വിടിന്റെ കാലപ്പഴക്കം 12വർഷം എന്ന നിബന്ധന പാലിച്ചിട്ടില്ല. വീടുകളുടെ കാലപ്പഴക്കം നിർണ്ണയിച്ച് സർട്ടിഫിക്കറ്റ് ലഭ്യമല്ല .

എൽ എസ് ജി ഡി എൻജിനിയർ അളവെടുത്തശേഷമായിരിക്കണം

സബ്സിഡി നൽകേണ്ടത് എന്ന നിബന്ധന പാലിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് ഓവർസിയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റ്

മാത്രമാണ് ഉള്ളത്.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്

## 3-14 മുട്ടക്കോഴി വിതരണം-പദ്ധതിനടത്തിപ്പിൽ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

പ്രോജക്റ്റ് നമ്പർ – s0 86/17

ചെലവ് – 499875 BillNo 1/16-17 28.12.16

123000 Bill No 2/16-17 14.03.17, 07/16-17 – 17,625

തൻവർഷം നടപ്പിലാക്കിയ മേൽപറഞ്ഞ പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചപ്പോൾ 1750 ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി വിതരണം ചെയ്തിട്ടുണ്ട്. വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ ആയതിൽ ഗുണഭോക്താക്കളുടെ പേരും വീട്ട് പേരും മാത്രമാണ് രേഖപ്പെടുത്തിയത്. ഗുണഭോക്താക്കളുടെ വാർഡ്, ഗ്രാമസഭ മിനട്സിലെ സീരിയൽ നം എന്നിവ രേഖപ്പെടുത്താത്തതിനാൽ മുട്ടക്കോഴി കൈപ്പറ്റിയ ഗുണഭോക്താക്കൾ ഗ്രാമസഭയിൽ കൂടി തെരഞ്ഞെടുത്തതാണെന്ന് വ്യക്തമല്ല. ഗുണഭോക്താക്കളുടെ അപേക്ഷയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിയിനത്തിൽ ചെലവ് 640500 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-15 തെരുവുവിളക്ക് റിപ്പയർ–--പദ്ധതിനടത്തിപ്പിൽ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ – ഗ്രാമപഞ്ചായത്ത്സെക്രട്ടറി

ചെലവ് – 200000

Voucher No – 170352010801139 24/03/17

തനത്ഫണ്ട് – 74275 Cheque No.SB/XY NO.1402986/30.03.17

പ്രോജക്റ്റ് നമ്പർ – 180/16-17

പദ്ധതി വിഭാവനം ചെയ്യുന്നത് താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കുവാനാണ്.

ഗ്രാമപഞ്ചായത്തിൽ വിവിധസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളിൽ അറ്റകുറ്റപണികൾ നടത്തുന്നതിന്ന് വേണ്ടി വടകര ഇലക്ട്രിക്കൽ ലേബർ കോൺട്രാക്ക് സൊസൈറ്റിയുമായി ഗ്രാമപഞ്ചായത്ത്സെക്രട്ടറി 2016 നവംബർ മാസം ഒന്നാം തിയ്യതി കരാർ ചമച്ചു. കരാർ പ്രകാരം റിപ്പയർ ആവശ്യമായ തെരുവുവിളക്കുകളിൽ സി.എഫ്.എൽ ബൾബുകൾ ഉപയോഗിച്ച് ഓട്ടോമാറ്റിക്ക് സംവിധാനം ഇല്ലാതെ പ്രവർത്തിക്കുന്നതിന്ന് സ്പെയർ പാർട്ട്സ് കൂലി ചെലവ് ഉൾപ്പെടുത്തി വിളക്കൊന്നിന്ന് അറ്റകുറ്റപണികൾക്കായി ഒരു വർഷത്തെയ്ക്ക് 425/ രൂപയു ഓട്ടോമാറ്റിക്ക് സ്വിച്ച് ഓൺ, ഓഫ് സംവിധാനത്തിൽ പ്രവർത്തിക്കുന്നവയക്ക് 725/ രൂപയു ആയി കരാർ ചമച്ചു.

റിപ്പയർ പ്രവർത്തി പൂർത്തിയായാൽ വാർഡ് മെമ്പറിൽ നിന്നു പഞ്ചായത്തിൻെറ ഊർജ്ജ മോണിറ്ററിങ് കമ്മിറ്റി സമിതി അംഗങ്ങളിൽ നിന്നു മോണിറ്ററിങ് റിപ്പോർട്ട് (റിപ്പോർട്ടിൽ പ്രവൃത്തി നടത്തിയ പോസ്റ്റ് നമ്പർ, സ്ഥലം എന്നിവ രേഖപ്പെടുത്തിയിരിക്കണം.) ഹാജരാക്കുന്നതിൻെറ അടിസ്ഥാനത്തിൽ റിപ്പയർ ചെയ്യ്ത വിളക്കുകളുടെ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ മാസത്തിൽ ഒരു പ്രാവശ്യം എന്ന തോതിലാണ് തുക അനുവദിക്കുന്നത്.

ഒരിക്കൽ റിപ്പയർ ചെയ്ത പ്രവർത്തിക്ക് എഗ്രിമെന്റിന്റെ കാലാവധിക്കുള്ളിൽ വീണ്ടും റിപ്പയർ ആവശ്യമായി വന്നാൽ സ്പെയർ പാർട്ട്സ് ചെലവ് ഉൾപ്പെടെ ലേബർ കോൺട്രാക്ക് സൊസൈറ്റി സൗജന്യമായി ചെയ്തു നൽകേണ്ടതാണ്. എന്നാൽ പദ്ധതിനടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ)തൻവർഷം ഓർഡിനറി, ഓട്ടോമാറ്റിക്ക് എന്നിവയ്ക്ക് യഥാക്രമം 295,206 വിളക്കുകൾ റിപ്പയർ ചെയ്തതിന്ന് 274275 രൂപ നൽകി. എന്നാൽ വാർഡുകളിൽ റിപ്പയർ ചെയ്തിട്ട കേവലം 4 വാർഡുകളിലെ മെമ്പർമാർ മാത്രമാണ് റിപ്പോർട്ട് നൽകിയത്. ആയതിൽ എട്ടാവാര്ഡ് മെമ്പർ നൽകിയ റിപ്പോർട്ടിൽ 39 വിളക്കുകളുടെ അറ്റകുറ്റപണികൾ നടന്നി ട്ടുണ്ട്. എന്നാൽ ലേബർകോൺട്രാക്ക് സൊസൈറ്റി സമർപ്പിച്ച രേഖയിൽ 27വിളക്കുകളുടെ അറ്റകുറ്റപണികൾ മാത്രമാണ് നടന്നത്.

ബി)ഊർജ്ജമോണിറ്ററിങ്ങ് കമ്മിറ്റിയുടെ മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമല്ല.

സി)വാർഡ് മെമ്പർമാർ നൽകിയ റിപ്പോർട്ടിൽ പ്രവൃത്തി നടത്തിയ പോസ്റ്റ് നമ്പർ, സ്ഥലം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ഡി) മാസത്തിൽ ഒരു പ്രാവശ്യം എന്ന രീതിയിൽ തുക അനുവദിക്കണമെന്ന നിബന്ധനകൾ പാലിച്ചിട്ടില്ല.

ഇ) റിപ്പയർ ചെയ്തതിന്ന് 274275 രൂപ നൽകിയപ്പോൾ ആദായനികുതി ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകതകൾ കാരണം ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-16 ജൈവ പച്ചക്കറി -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

പ്രോജക്റ്റ് നമ്പർ – 124/17

ചെലവഴിച്ച തുക – 95313 plan, 15914
ഗുണഭോക്തൃ വിഹിതം – 15008 പഞ്ചായത്ത് വിഹിതം

പദ്ധതി വിഭാവനം ചെയ്തത് താഴെ പറയും പ്രകാരമാണ്

1) വിത്ത് വാങ്ങൽ വിതരണം 35 acre

2) തൈ വാങ്ങൽ വിതരണം 90Acre

3)ജൈവ വളം വാങ്ങൽ വിതരണം 25Acre

4)ജൈവ കീട നാശിനി വിതരണം 25Acre

പദ്ധതി ഓഡിറ്റ്നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1) സബ്സിഡി മാർഗ രേഖ ജി.ഒ. ഏം (ഏസ്) 4/2016 തസ്വഭവ 11.01.16 പ്രകാരം

ജൈവ കീടനാശിനികൾ ഉൾപ്പെടെയുള്ള കീടനാശിനികൾ നാമനാത്ര കർഷകർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്, കൂടാതെ കൃഷി ചെയ്തിട്ടു ണ്ട് എന്ന് കൃഷി ഓഫീസർ ഉറപ്പ് വരുത്തണം എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല

2)പച്ചക്കറി വിത്തുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3)ജൈവ വളം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയോ സ്റ്റോക്കിലെടുത്തതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല

4)ഗുണഭോക്താക്കളെ ഗ്രാമ സഭയിൽ കൂടി തെരെഞ്ഞെടുത്തതാണെന്ന് മനസ്സിലാക്കാനുള്ള , വാർഡ് നം, സീരിയൽ നം എന്നിവ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ പേരും വീട്ട് പേരും മാത്രമാണ് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയത്

മേൽപറഞ്ഞ അപാകതകൾക്ക് വിശദവിവരം നൽകേണ്ടതാണ്

## 3-17 ടെൻഡർ കുറവ് ഫൈനൽ ബില്ലിൽ നിന്ന് കുറക്കാതെ കരാറുകാരന് തുക നൽകി.

പ്രോജക്ടിന്റെ പേര് : ചിറ്റവട്ടം എൽ.പി-മമ്മള്ളി താഴെ റോഡ് മെറ്റലിംഗ്, ടാറിംഗ്.

പ്രോജക്ട് നം : S0031/2017

അടങ്കൽ : 2,50,000 തനത്ഫണ്ട്

വൗച്ചർ നം : 21601132 തീയ്യതി 31.3.2017

എം.ബുക്ക് നം : 78/2016-17

നിർവ്വഹണദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

2016-17 സാമ്പത്തിക വർഷം വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് ചിറ്റവട്ടം എൽ.പി-മമ്മള്ളി താഴെ റോഡ് മെറ്റലിംഗ്, ടാറിംഗ് എന്ന പ്രവൃത്തിക്ക് തനത്ഫണ്ടിൽ 2,50,000 രൂപ വകയിരുത്തിയിട്ടുണ്ട്. 2,50,000 രൂപ വകയിരുത്തിയമേൽ പ്രവർത്തി കരാറുകാരനായ ശ്രീ.കെ.കെ സജീഷ് 0.05% ടെണ്ടർ കുറവിനാണ് ഏറ്റെടുത്തിട്ടുള്ളത്. പ്രവൃത്തി പൂർത്തികരിച്ചപ്പോൾ ടെണ്ടർ കുറവായ 0.05% ഫൈനൽ ബില്ലിൽ നിന്നും കുറക്കാതെ കരാറുകാരന് മുഴുവൻ തുകയും നല്കി. പ്രവൃത്തിമൂല്യമായ 2,50,000 രൂപയുടെ 0.05%ടെണ്ടർ കുറവായ 125 രൂപ കരാറുകാരന് അധികം നല്കിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം22/2016-17 തിയ്യതി 21.10.2017 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 125 രൂപ നിരാകരിക്കുന്നു.

## 3-18 കുടിവെള്ളവിതരണം- രേഖകൾ ഹാജരാക്കിയിട്ടില്ല

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തീക വർഷം മെയ് മാസത്തിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ രൂക്ഷമായ വരൾച്ചയെത്തുടർന്ന് കുടിവെള്ളവിതരണം നടത്തിയിരുന്നു. കുടിവെള്ളവിതരണം നടത്തിയിയതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമനം | കുടിവെള്ളവിതരണം നടത്തിയ തിയ്യതി | വാർഡ് നം | കുടിവെള്ളവിതരണം നടത്തിയ കരാറുകാരൻ | നല്കിയതുക | വൗച്ചർ നം |
|---|---|---|---|---|---|
| 1 | 7.5.2016മുതൽ 31.5.2016 വരെ 25ദിവസം | 1,2,3,4,5,6,7,8,17,18,19. | ലിജിന.എം.കെ | 2,21,000/ | 21600295. 18.7.2016 |
| 2 | 23.5.16 മുതൽ 31.5.2016വരെ 9 ദിവസം | 9,10,11,12,13,14,15,16. | | | |

കുടിവെള്ള വിതരണം സംബന്ധിച്ച ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധനാ റിപ്പോർട്ട്, കുടിവെള്ളവിതരണം നടത്തിയത് സംബന്ധിച്ച ട്രിപ്പ് ഷീറ്റ് , അനുബന്ധ വൗച്ചറുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ്എൻക്വയറി നം 25/2016-17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 2,21,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-19 കേരളാ ജല അതോറിറ്റിക്ക് വെള്ളക്കരം ഒടുക്ക്-പൊതുടാപ്പുകളുടെ എണ്ണം,പ്രവർത്തനക്ഷമതഎന്നിവയുടെ പരിശോധനയില്ല.

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം കേരളാ ജല അതോറിറ്റിക്ക് പ്രതിമാസം 10938 രൂപ എന്ന നിരക്കിൽ 12 മാസത്തേക്ക് 1,31,256 വെള്ളക്കരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമനമ്പർ | മാസം | ഒടുക്കിയതുക | വൗച്ചർ നം | രശീതിനം |
|---|---|---|---|---|
| 1 | ഏപ്രിൽ | 10938 | 21600058.23.4.16 | 85148.25.4.16 |
| 2 | മെയ് | " | 21600124.18.5.16 | 85184.19.5.16 |
| 3 | ജൂൺ | " | 21600226.20.6.16 | 88216.22.6.16 |
| 4 | ജൂലായ് | " | 21600306.23.7.16 | 888242.23.7.16 |
| 5 | ആഗസത് | " | 21600378.18.8.16 | 88272.19.8.16 |
| 6 | സപ്തംബർ | " | 21600941.24.9.16 | 89413.27.9.16 |
| 7 | ഒക്ടോബർ | " | 21600601.25.10.16 | 85148.26.10.16 |
| 8 | നവംബർ | " | 21600701.30.11.16 | 89477.30.11.16 |
| 9 | ഡിസംബർ | " | 21600787.31.12.16 | 88311.31.12.16 |
| 10 | ജനവരി | " | 21600877.27.1.17 | 88326.28.1.17 |
| 11 | ഫിബ്രവരി | " | 21600942.20.2.17 | 88350.20.2.17 |
| 12 | മാർച്ച് | " | 21600986.18.3.17 | 85148.18.3.17 |

2016-17വർഷം വെള്ളക്കരമായി 1,31,256രൂപ കേരള ജലഅതോറിറ്റി പി.എച്ച് ഡിവിഷൻ വടകരയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ പഞ്ചായത്തിൽ ആകെയുള്ളപൊതു ടാപ്പുകളുടെ എണ്ണം, ആകെയുള്ള പൊതു ടാപ്പുകളിൽ എത്രയെണ്ണം നിലവിൽ പ്രവർത്തനയോഗ്യമാണ്, പൊതു ടാപ്പുകളെ സംബന്ധിച്ച സംയുക്ത പരിശോധനാ റിപ്പോർട്ട് എന്നിവ ഓഡിറ്റിൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം24/2016-17 നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വെള്ളക്കരം ഒടുക്കിയതുമായി ബന്ധപ്പെട്ട ഫയൽ എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-20 വിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ
ചെലവഴിച്ച തുക – 2,00,000/- തനതു ഫണ്ട്
പ്രോജകട് നമ്പർ –SO 183/17
ചെക്ക് നമ്പർ – SB/XY – No.1402970

മേൽപ്പറഞ്ഞ തുക തെരുവുനായ വന്ധ്യംകരണം പദ്ധതിയ്ക്കായി ജില്ലാപഞ്ചായത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച 2,00,000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിനു സബ്സിഡി | 2,00,000 | -- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് സ്ഥാപനങ്ങൾക്ക് മുൻകൂർ തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല. കൂടാതെ മുൻ വായപകളൊന്നും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നുമില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15268/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2000-01 | 3-5 | 2787 | ശ്രീ കെ. സുരേഷ്ബാബു യു.ഡി ക്ലാർക്ക് | 11601100281/ 19.04.2016 |
| 2000-01 | 3-5 | 4748 | ശ്രീ. സി.എൻ രാജേഷ് ഡി ഡി പി ഇൻചാർജ് വയനാട് | 11601106147/ 26.12.2016 |

| | | | | |
|---|---|---|---|---|
| 2012-13 | 3-5 | 5277 | ശ്രീ. മനോജ് കുമാർ എൻ അസി.എൻജിനീയർ | 11601102021/ 06.08.2016 |
| 2006-07 | 2-5 | 456 | ശ്രീ. ഹരിപ്രസാദ് ബാബു (മുൻ സെക്രട്ടറി | 11601102061/ 09.08.2016 |
| 2006-07 | 3-1 | 2000 | ശ്രീ. ആർ ബൽറാം (മുൻ പ്രസി) | 11601102180/ 16.08.2016 |
| ആകെ | | 15268 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | 14 | 2003-04 | പൊതുപരാമർശം | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെടുന്നില്ല. |
| 1999-2000 | 16 | 2003-04 | പൊതുപരാമർശം | തൊഴിൽ യൂണിറ്റുകൾ പരാജയം |
| 1999-2000 | 2-1 | 2005-06 | പൊതുപരാമർശം | തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരവ് – കാലഹരണ പ്പെട്ട തുകകളുടെ വിവരം |
| 1999-2000<br>2000-2001<br>1998-1999 | | 2003-04 | മറ്റ് പരാമർശങ്ങൾ | 1. ഓല വീട് ഓട് മേയൽ – ക്രമക്കേട്.<br>2.വീട് റിപ്പയർ – പട്ടികജാതി പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>3.കിഴക്കയിൽ മീത്തൽ കിണർ നിർമ്മാണപ്രവൃത്തി- കൺവീനർ മുൻകൂർ |
| 2000-01 | 2(2) | 2006-07 | പൊതുപരാമർശം 3.79.1 | കെട്ടിട നികുതി, തൊഴിൽ നികുതി തനത് വരുമാനം യഥാസമയം പിരിക്കാത്തതിനാൽ കാലഹരണപ്പെട്ടു. |
| | 2(1) | | പൊതുപരാമർശം 3.79.3 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് അപാകതകൾ |
| 2002-03 | 3-5 | 2007-08 | 3.62.1 | വനിതാവ്യവസായകേന്ദ്രം കോൺക്രീറ്റ് കെട്ടിടം തകർന്നത് സംബന്ധിച്ച |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 98269614 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83572478 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 87426 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2309 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2272222 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 84600 | -- | ശ്രീ.രാജീവൻ.ടി, സെക്രട്ടറി |
| 2-4 | 2826 | -- | ശ്രീ.രാജീവൻ.ടി, സെക്രട്ടറി |
| 3-10 | -- | 2184 | ശ്രീമതി.രാധാമണി, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 3-17 | -- | 125 | ശ്രീമതി പി.സനിഷ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 120000 | ശ്രീ. സുഗതൻ വി ഇ ഒ |
| 3-2 | 16447 | ശ്രീമതി ശോഭ, ഐ.സി.ഡി എസ് സൂപർവൈസർ |
| 3-4 | 100000 | ശ്രീ. സുഗതൻ വി ഇ ഒ |
| 3-9 | 600000 | ഡോ.ഷൈനി നമ്പീശൻ വെററിനറി സർജൻ |
| 3-12 | 100000 | രാധാമണി, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 3-14 | 640500 | വെറ്ററിനറി സർജൻ |
| 3-15 | 274275 | ശ്രീ.രാജീവൻ.ടി, സെക്രട്ടറി |
| 3-18 | 221000 | ഹരിദാസൻ വി.പി, സെക്രട്ടറി ഇൻ ചാർജ് |
| 3-20 | 200000 | വെറ്ററിനറി സർജൻ |
| ആകെ | 1431722 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖ. 2-3 - 4232

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി പി.സനിഷ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് | വലിയവീട്ടിൽ, കടമേരി പി.ഒ, പിൻ 673542 |
| ഡോ.രാധാമണി, മെഡിക്കൽ ഓഫീസർ ആയുർവേദം | മെഡിക്കൽ ഓഫീസർ ആയുർവേദം വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് | കൃഷ്ണ പ്രഭ, ചെമ്മനങ്ങാട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(3)/15-11-2011 | 3 |
| 1998-99 (വരവ്) | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(4) /15-11-2011 | 2 |
| 1999-00 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(6)/15-11-2011 | 3 |
| 1999-00 (വരവ്) | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(5)/15-11-2011 | 1 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(8)/15-11-2011 | 4 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(9)/15-11-2011 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(11)/15-11-2011 | 10 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി9/1685/11(12)/15-11-2011 | 2 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി9//494/09/03-04-09 | 13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി6/1060/90/03-12-09 | 19 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി9/390/11/26-04-11 | 11 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി9/1783/11/21-11-11 | 21 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി5/1390/12/30-07-12 | 15 |

| | | |
|---|---|---|
| 2009-10<br>2010-11 | എൽ.എഫ്.കെ.കെ.ഡി/പി5-1294/12 /31-07-12 | 17 |
| 2011-12<br>2012-13 | എൽ.എഫ്.കെ.കെ.ഡി/പി9/299/14/17-05-14 | 12 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/1297/1/26-07-16 | 21 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി5/2200/01-06-17 | 22 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി/പി5/2031/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി- 02.11.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA.KKD/P5/2031/17

Kerala State Audit Department
District Audit Office, Kozhikode
Phone - 0495 2371012
E-mail – dokkd.ksad@kerala.gov.in
Dated – 02.11.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Villiappally Grama Panchayat in Kozhikode District for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statement of Villiappally Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR